പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 783

11/06/2014-ൽ മറുപടിയ്ക്ക്

**ഭക്തർക്കെതിരെയുള്ള ആക്രമണങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ക്ഷേത്രങ്ങളിൽ എത്തുന്ന ഭക്തരെ ദേവസ്വം ജീവനക്കാരും സുരക്ഷാ ജീവനക്കാരും വ്യാപകമായി ആക്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | എ) ഗുരുവായൂർ ക്ഷേത്രത്തിലും ശബരിമലയിലും നടന്ന ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഏതെല്ലാം ക്ഷേത്രങ്ങളിൽ എത്ര തവണ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യിട്ടുണ്ടെന്ന് വിശദമാക്കാമോ;<br><br>സി) ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ; | ബി) & സി) ഗുരുവായൂർ ക്ഷേത്രത്തിൽ 23/2/2014 –ന് ദർശനത്തിന് എത്തിയ ഭക്തയെയും മകനെയും ദേവസ്വം ജീവനക്കാരും സെക്യൂരിറ്റിക്കാരും മർദ്ധിച്ചതുമായി ബന്ധപ്പെട്ട് സി.സി.റ്റി.വി ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരനായ അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ ശ്രീ. ഉണ്ണികൃഷ്ണപിള്ളയെ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും ക്ഷേത്രം വാച്ച്മാൻ ശ്രീ. രാധാകൃഷ്ണനെ സസ്പെൻറ് ചെയ്യുകയും ക്ഷേത്രം അസിസ്റ്റൻറ് മാനേജർ ശ്രീ. കെ.ആർ. സുനിൽകുമാറിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്യിട്ടുണ്ട്.<br><br>2014 –ലെ ശബരിമല സീസൺ സമയത്ത് തിരക്കിനിടയിൽ അയ്യപ്പഭക്തരെ 'ക്യൂ' വിലൂടെ അതിവേഗം മുന്നോട്ട് കടത്തിവിടുന്ന തിന് ശ്രമിക്കുമ്പോൾ ഒരു പോലീസ് ഉദ്യോഗസ്ഥൻ താൻ പാലിക്കേണ്ടിയിരുന്ന മിതത്വം പാലിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെടുകയും ഉടൻതന്നെ സ്ഥലത്തുണ്ടായിരുന്ന പോലീസ് കൺട്രോളർ ഇടപെട്ട് ആ ഉദ്യോഗസ്ഥനെ ഡ്യൂട്ടിയിൽ നിന്നും മാറ്റുകയും തിരിച്ചയയ്ക്കുകയും ചെയ്യിരുന്നു. |

| | | | |
|---|---|---|---|
| ഡി) | എന്തുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | ഡി) | ദർശനത്തിനെത്തുന്ന ഭക്തജനങ്ങളും സുരക്ഷാ ഉദ്യോഗസ്ഥരും തമ്മിൽ ഉണ്ടാകുന്ന തെറ്റിദ്ധാരണ മൂലമാണ് കൂടുതലായും അനിഷ്ഠ സംഭവങ്ങൾ ഉണ്ടാകുന്നത് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരോടും ദർശനത്തിനു വരുന്ന എല്ലാ ഭക്തരിൽ നിന്നും എത്രതന്നെ പ്രകോപനമുണ്ടായാലും പരാതിക്കിട വരാതെ അർപ്പിതമായ കർത്തവ്യം നിർവ്വഹിക്കണമെന്ന് അതാത് ദേവസ്വം ബോർഡുകൾ ജീവനക്കാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ